പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 880 — 11.06.2014 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം. ഷാജി :<br>ശ്രീ. കെ.എൻ.എ. ഖാദർ :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) നിലവിലെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം തൊഴിലാളികൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | (എ) തൊഴിലാളികൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന രീതിയിൽ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഓരോ ക്ഷേമനിധി ബോർഡുകളുടെയും സാമ്പത്തിക സ്ഥിതിയനുസരിച്ച് തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നല്കി വരുന്നു. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും പദ്ധതി ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ബാങ്ക് അക്കൗണ്ട് വഴി ആനുകൂല്യം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ദ്വയാംഗത്വം ഒഴിവാക്കാൻ ഡിജിറ്റൈസേഷൻ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എല്ലാ തൊഴിൽ മേഖലകളികലേയും തൊഴിലാളികളെ ഉൾക്കൊള്ളാൻ നിലവിലെ ക്ഷേമനിധി ബോർഡുകൾ മുഖേന സാധിച്ചിട്ടുണ്ടോ ;<br><br>(സി) ഇല്ലെങ്കിൽ എല്ലാ തൊഴിലാളികളെയും ഉൾക്കൊള്ളാൻ ഉദ്ദേശിച്ച് പുതിയ ക്ഷേമനിധി ബോർഡുകൾ രൂപവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നല്കാമോ? | (ബി & സി) ഉണ്ട്. വിവിധ തൊഴിൽ മേഖലയിലുള്ള തൊഴിലാളികളെ ഉൾക്കൊള്ളുന്നതിനായി സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

Deepa

സെക്ഷൻ ഓഫീസർ